**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1267** **10-10-2024 - ൽ മറുപടിയ്ക്ക്**

**കളരിയാമക്കൽ പാലം ഗതാഗതയോഗ്യമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ ഭാഗമായി ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പർ തീർച്ചപ്പെടുത്തുന്നതിന് റവന്യൂ വകുപ്പുമായി വീണ്ടും സംയുക്ത പരിശോധന നടത്തുകയുണ്ടായി. ഈ പരിശോധനയിൽ റീസർവ്വേ നമ്പർ 15 ൽ പെട്ട ഷൈൻ തോമസ് എന്ന ആളുടെ റിസർവ്വേ നമ്പർ 15/(6-2) സ്ഥലവും പ്രഭാകരൻ നായർ എന്ന ആളുടെ റിസർവ്വേ നമ്പർ (15/6-3, 15/6-3-1) സ്ഥലവും റവന്യൂ അധികാരികൾക്ക് വിട്ടു പോയിട്ടുണ്ട് എന്നത് കണ്ടെത്തുകയുണ്ടായി. അതിനാൽ വിട്ടുപോയ സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ ഉത്തരവ് ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത പാലം ഗതാഗതയോഗ്യമാക്കുന്നതിന് അപ്രോച്ച് റോഡ് പൂർത്തിയാക്കാൻ വർഷങ്ങളുടെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രോച്ച് റോഡ് പൂർത്തീകരിച്ച് പാലം ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ 201 മീറ്റർ റോഡ് ഭാഗത്തുള്ള സ്ഥലം ഏറ്റെടുപ്പും നിർമ്മാണവുമാണ് പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുന്നത്. പുതുക്കിയ ഉത്തരവ് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായാൽ എത്രയുംവേഗം തുടർനടപടികൾ സ്വീകരിക്കുവാനാകും. |

സെക്ഷൻ ഓഫീസർ